(ബി) ആശ്രിത നിയമന വകുപ്പിൽ അപേക്ഷകരുടെ, അപേക്ഷാ തീയതിയുടെ സീനിയോറിറ്റി കണക്കാക്കിയാണ് വേക്കൻസി അലോട്ട് ചെയ്യുന്നത്. വകുപ്പ് തിരിച്ചുള്ള നിയമനം സി. ഇ. സെൽ-ൽ നടക്കുന്നില്ല.

(സി) പരിശോധിക്കുന്നതാണ്.

## വകുപ്പ് സെക്രട്ടറിമാരുടെ വിദേശ പര്യടനച്ചെലവുകൾ

3 [770] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന കേഡറിലുള്ള എത്ര വകുപ്പ് സെക്രട്ടറിമാർ ഔദ്യോഗികമായി വിദേശ പര്യടനം നടത്തിയെന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇവർ ഓരോരുത്തരും സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാമായിരുന്നുവെന്നും അതിന്റെ ഔദ്യോഗിക ആവശ്യം എന്തായിരുന്നുവെന്നും അറിയിക്കാമോ ;

(സി) ഈ യാത്രകൾക്കായി ഓരോ ഉദ്യോഗസ്ഥനും ചെലവാക്കിയ വിമാനയാത്രക്കൂലി, താമസ ചെലവ് മറ്റ് അലവൻസുകൾ എന്നിവ എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

## സമാശ്വാസ നിയമന പദ്ധതി

4 [771] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയിൽ സമാശ്വാസ നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ബി) മറ്റ് വകുപ്പുകളിൽ ജോലി നോക്കവെ മരണപ്പെടുന്നവരുടെ ആശ്രിതർക്കായി എത്ര ശതമാനം തസ്തികകളാണ് മാറ്റിവച്ചിട്ടുള്ളത് ; പ്രസ്തുത വിഭാഗത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് ഇനി നിയമനം നൽകാനുണ്ട് ; ഇവരുടെ പേര്, അപേക്ഷ സമർപ്പിച്ച തീയതി എന്നിവ സീനിയോറിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) ഏത് തീയതി വരെ അപേക്ഷിച്ചവർക്ക് ഈ വിഭാഗത്തിൽ നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) അംഗീകൃത സർവ്വകലാശാലാ ബിരുദമാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നത്. അപേക്ഷാ തീയതിയുടെ മുൻഗണനാക്രമമനുസരിച്ചാണ് നിയമനം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5% തസ്തികകളാണ് ഇതിലേക്കായി നീക്കിവച്ചിട്ടുള്ളത്. അസിസ്റ്റന്റ് ഗ്രേഡ്-II, സെക്രട്ടേറിയറ്റ്, അഡ്വ: ജനറൽ ഓഫീസ് എറണാകുളം, ഓഡിറ്റർ ഗ്രേഡ്-II, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നീ തസ്തികകൾക്കായി 31 അപേക്ഷകരും കൂടാതെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് 2 പേരും നിയമനം കാത്ത് നിൽപ്പുണ്ട്. (സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(സി) അപേക്ഷാ തീയതി 20-3-2002 വരെയുള്ളവർക്കാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളത്. 21-3-2002 വരെയുള്ള അപേക്ഷകർക്കാണ് ലീഗൽ അസിസ്റ്റന്റായി നിയമനം നൽകിയിട്ടുള്ളത്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഗ്രേഡ്-II തസ്തികയിൽ 9-8-2002 വരെയുള്ള അപേക്ഷകർക്കും അഡ്വ: ജനറൽ ഓഫീസ് എറണാകുളം അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 30-4-2003 വരെയുള്ള അപേക്ഷകർക്കുമാണ് നിയമനം നൽകിയിട്ടുള്ളത്.

## കേന്ദ്ര സാമ്പത്തിക സഹായം

5 [777] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ലഭിച്ചു;

(സി) ഏതൊക്കെ വകുപ്പുകളാണ് കേന്ദ്ര സഹായം പാഴാക്കിയത് എന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ ഓരോ വകുപ്പും നഷ്ടപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര സഹായം നഷ്ടപ്പെടുത്തിയ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും എതിരെ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും 2005 ഡിസംബർ വരെ ഗ്രാന്റിനത്തിൽ 1119.45 കോടി രൂപയും വായ്പയിനത്തിൽ 206.60 കോടി രൂപയും ചേർത്ത് മൊത്തം 1326.05 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റിനത്തിൽ 1312.80 കോടി രൂപയും വായ്പയിനത്തിൽ 1306.69 കോടി രൂപയും ചേർത്ത് മൊത്തം 2619.49 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായം പാഴാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly